**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- വടകര നഗരസഭ- ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായിരിക്കവേ മരണപ്പെട്ട ടി.കെ.രജുല സർവ്വീസിലിരിക്കെ അപേക്ഷിച്ചിരുന്ന ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 741/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 17.03.2017

പരാമർശം : 1. 23.08.2014,01.01.2015 എന്നീ തീയതികളിലെ രജുല ടി.കെ.യുടെ അവധി അപേക്ഷകൾ

2. നഗരകാര്യ ഡയറക്ടറുടെ 10.11.2014, തിയതിയിലെ ഇ 5-18196/14 നമ്പർ കത്ത്.

**ഉത്തരവ്**

വടകര നഗരസഭയിൽ ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായിരിക്കെ 09.08.2015 ൽ മരണമടഞ്ഞ ടി.കെ.രജുല സർവ്വീസിലിരിക്കെ 23.08.2014 മുതൽ 31.12.2014 വരെയും 01.01.2015 മുതൽ 31.03.2015 വരെയുമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള അവധി അപേക്ഷ നൽകിയിരുന്നു. ഈ അപേക്ഷകൾ നഗരകാര്യ ഡയറക്ടർ രണ്ടാമത് പരാമർശം കത്ത്പ്രകാരം ശുപാർശ ചെയ്തു നൽകിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വടകര നഗരസഭയിൽ ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായിരിക്കെ മരണമടഞ്ഞ ടി.കെ.രജുല ഒന്നാമത് പരാമർശം പ്രകാരം സമർപ്പിച്ചിരുന്ന അവധി അപേക്ഷയിൽ, 23.08.2014 മുതൽ 6 മാസത്തേക്ക് (22.02.2015 വരെ) ചട്ടം 19, സെക്ഷൻ II, അനുബന്ധം VII കെ.എസ്.ആർ. പ്രകാരം സ്പെഷ്യൽ കാഷ്വൽ അവധിയും, 23.02.2015 മുതൽ 31.03.2015 വരെയുള്ള ബാക്കി കാലയളവ് കെ.എസ്.ആർ ഭാഗം 1 ചട്ടം 88 പ്രകാരം, ടി കാലയളവ് ആർജ്ജിതാവധിക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**എസ്. മോഹൻദാസ്**

ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം(മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, വടകര നഗരസഭ ( നഗരകാര്യ ഡയറക്ടർ മുഖേന)

എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(20.01.2017 ലെ 373049/RB2/17/Fin പ്രകാരം)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ